# പരിശുദ്ധ ദൈവ മാതാവിൻറെ വണക്കമാസം

## *പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം*

പരി. കന്യകയുടെ നേരെയുള്ള ഭക്തിയുടെ പ്രാധാന്യം പരി. കന്യകാമറിയത്തിന് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അതുല്യമായ സ്ഥാനമുണ്ട്. ദൈവമാതാവെന്ന സ്ഥാനം മൂലം സകല മനുഷ്യരുടെയും മാതാവാണ്. സഹ രക്ഷകയെന്ന നിലയിൽ ക്രിസ്തുവിന്റെ രക്ഷാകരവൃത്തിയിൽ മറ്റാരെക്കാളുമധികം പങ്കു ചേർന്നു നമ്മെ സഹായിക്കുന്നു. നമ്മുടെ ആദ്ധ്യാത്മിക ജനനിയെന്ന പദവി മൂലം സകല പ്രസാദവരങ്ങളുടെയും പ്രദായികയായി മറിയം നിലകൊള്ളുന്നു. നിത്യരക്ഷയുടെ മാറ്റമില്ലാത്ത അടയാളമാണ് ദൈവമാതാവിനോടുള്ള ഭക്തിയെന്ന് എല്ലാ ദൈവശാസ്ത്രജ്ഞൻമാരും ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്നു.

പ. കന്യാകാമറിയത്തോടുള്ള ഭക്തി നമ്മുടെ പുണ്യജീവിതത്തിനും സ്വർഗ്ഗപ്രാപ്തിക്കും തികച്ചും അനുപേക്ഷണീയമാണ്. പരിശുദ്ധിയുടെ വിളനിലമായിരുന്നു നമ്മുടെ അമ്മ. പുണ്യസമ്പാദനത്തിനുള്ള പരിശ്രമങ്ങളിൽ എപ്പോഴും നമുക്ക് മാതൃകയായിരിക്കേണ്ടത് സകല പുണ്യങ്ങളും കൊണ്ട് അലംകൃതമായ പ. കന്യകാമറിയമാണ്. ജന്മം കൊണ്ടും കർമ്മങ്ങൾകൊണ്ടും താൻ സമ്പാദിച്ച പുണ്യ ഫലങ്ങൾ സ്വസ്സുതരായ നമുക്കേവർക്കുമായി വിനിയോഗിക്കുവാൻ മറിയം ആഗ്രഹിക്കുന്നു. നമ്മുടെ വിശുദ്ധിയുടെ അളവുകോൽ ഈശോയുമായുള്ള നമ്മുടെ ബന്ധത്തിന്റെ ആഴം അനുസരിച്ചാണ്. സകല മനുഷ്യരിലും വിശുദ്ധരിലും വച്ച് പ. കന്യകാമറിയത്തെ പോലെ ഈശോയുമായി ബന്ധപ്പെട്ട വ്യക്തി വേറെ ആരാണുള്ളത്? സ്വന്തം പുത്രനെന്ന നിലയിൽ ഈശോ മറിയവുമായി അഭേദ്യം ബന്ധപ്പെട്ടിരുന്നു. മാനുഷികവും ദൈവികവുമായ സകലവിധ പരിശുദ്ധിയുടെയും കേന്ദ്രമായി മറിയം പരിലസിക്കുന്നു. സ്വർഗ്ഗീയ നന്മകൾ നമുക്ക് പ്രാപിക്കുവാനും ഈശോയുടെ ഹൃദയത്തിനനുരൂപമായ ഒരു ജീവിതം നയിക്കുന്നതിനും മറിയത്തോടുള്ള ഭക്തി തീർച്ചയായും നമുക്ക് സഹായകമാണ്. നമ്മെ അലട്ടുന്ന ഭക്ഷ്യപ്രശ്നം, തൊഴിലില്ലായ്മ, അസമാധാനം മുതലായ പ്രശ്നങ്ങൾക്കു പരിഹാരം നേടുവാൻ ദൈവമാതാവിനോടുള്ള ഭക്തി സഹായകമാണ്.

### *ഒന്നാം തീയതി*

### *പ്രാർത്ഥന*

ദൈവജനനിയായ പരിശുദ്ധകന്യകയേ അങ്ങയെ എന്റെ മാതാവും മദ്ധ്യസ്ഥയും ആയി ഞാൻ ഏറ്റുപറയുന്നു. പുത്രസഹജമായ ഭക്തി എന്നിൽ നിറയ്ക്കണമേ. അങ്ങേ അരുമസുതരുടെ ഗണത്തിൽ എന്നെയും ചേർക്കണമേ. മക്കളോട് അമ്മയ്ക്കുളള സ്നേഹവും വാത്സല്യവും എന്നോട് എപ്പോഴും അങ്ങു കാണിക്കേണമേ. ഏത് അവസരത്തിലും അങ്ങേ സഹായം അഭ്യർത്ഥിക്കുവാനും നന്മ കൈവരിക്കാനും ഇടയാക്കണമേ. ഈ പ്രാർത്ഥനകൾ അങ്ങേ തിരുക്കുമാരൻ വഴിയായി പിതാവിന്റെ പക്കലർപ്പിക്കുവാൻ അമ്മേ അങ്ങു തന്നെ എന്നെ സഹായിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* *( പേജ് : 47 )*

ജന്മപാപമില്ലാത്ത ഉത്ഭവിച്ച ശുദ്ധമറിയമേ! പാപികളുടെ സങ്കേതമേ! ഇതാ നിന്റെ സങ്കേതത്തിൽ ഞങ്ങൾ തേടിവരുന്നു. ഞങ്ങളുടെ മേൽ അലിവായിരുന്ന് ഞങ്ങൾക്കു വേണ്ടി നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിച്ചു കൊള്ളണമേ. 1 സ്വർഗ്ഗ. 1 ന. 1 ത്രി.

*പരിശുദ്ധ ദൈവമാതാവിന്റെ ലുത്തിനിയ ( പേജ് 41 )*

## ***പരിശുദ്ധ ദൈവമാതാവിനോടുള്ള അപേക്ഷ***

പാപികളുടെ സങ്കേതമേ! തിരുസഭയ്ക്കു വേണ്ടി പ്രാർത്ഥിക്കേണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ! വിജാതിയർ മുതലായവർക്ക് മനസ്സുതിരിയുവാൻ വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ! രാഷ്ട്രീയാധികാരികൾ സത്യവും നീതിയും പാലിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ! മാർപ്പാപ്പാ മുതലായ തിരുസഭാധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമേ! അങ്ങേ പ്രിയപ്പെട്ട മക്കളായിരിക്കുന്ന ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കണമെ. 1 നന്മ.

### *സുകൃതജപം*

ക്രിസ്ത്യാനികളിടെ സഹായമായ മറിയമേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

## ***രണ്ടാം തീയതി***

### *ജപം*

ലോകപരിത്രാതാവിന്റെ മാതാവാകുവാൻ ദൈവത്താൽ പ്രത്യേകവിധം തെരഞ്ഞെടുക്കപ്പെട്ട പ. കന്യകേ, ഞങ്ങളും സ്വർഗഭാഗ്യത്തിനർഹരായി തീരാനുള്ള അനുഗ്രഹം ദൈവത്തോടപേക്ഷിച്ചു തരുവിക്കണമേ. ഞങ്ങളുടെ ലോകജീവിതത്തിൽ അനേകം പ്രതിബന്ധങ്ങളും പ്രലോഭനങ്ങളും തരണം ചെയ്യേണ്ടിയിരിക്കുന്നു. അവയിൽ നിന്നെല്ലാം മുക്തി പ്രാപിച്ച് ഞങ്ങൾ അങ്ങയോടു കൂടി സ്വർഗീയ സൗഭാഗ്യത്തിനർഹരായിത്തീരുവാനുള്ള അനുഗ്രഹം നൽകണമേ. ഞങ്ങൾ ബലഹീനരാണ്. അവിടുത്തെ മാദ്ധ്യസ്ഥം ഞങ്ങൾക്കു പ്രത്യാശ നൽകുന്നുണ്ട്. നന്മനിറഞ്ഞ അമ്മേ, നിന്റെ ശക്തിയാൽ സ്വർഗസൗഭാഗ്യത്തിച്ചേരുന്നതുവരേയും ഞങ്ങളെ നിരന്തരം സഹായിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238ാം പേജു മുതൽ കാണുക.

### *സുകൃതജപം*

ദൈവമാതാവായ കന്യകാമറിയമേ, ഞങ്ങൾക്കും നീ മാതാവാകേണമേ.

## *മൂന്നാം തീയതി*

### *ജപം*

ദൈവമേ, അങ്ങ് പരിശുദ്ധ കന്യകാമറിയത്തെ അമലോത്ഭവം എന്ന സുവിശേഷ ദാനത്താൽ അലങ്കരിക്കുകയുണ്ടായല്ലോ! ഞങ്ങൾ അങ്ങേയ്ക്കു കൃതജ്ഞത പറയുന്നു. അമലോത്ഭവ ജനനീ അങ്ങ് പാപരഹിതമായ ജന്മത്തെ അത്യധികം വിലമതിക്കുന്നതായി ഞങ്ങളെ അറിയിച്ചു. അമലോത്ഭവനാഥേ, പാപരഹിതമായ ജീവിതം നയിക്കുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. ആത്മശരീര വിശുദ്ധി ഞങ്ങളെ അവിടുത്തേയ്ക്ക് പ്രിയങ്കരമാക്കിതീർക്കുന്നു എന്ന് ഞങ്ങൾക്കറിയാം. അതിനാൽ ഞങ്ങൾക്ക് അതിനുള്ള ദാനങ്ങൾ ദിവ്യസുതനിൽ നിന്നും പ്രാപിച്ചു തരണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

### *സുകൃതജപം*

അമലോത്ഭവ ജനനീ, മാലിന്യം കൂടാതെ ഞങ്ങളുടെ ആത്മാവിനെ കാത്തുകൊള്ളണമേ.

## *നാലാം തീയതി*

പരി. കന്യകയുടെ ജനനത്താൽ ലോകത്തെ അനുഗ്രഹിച്ച ദൈവമേ! ഞങ്ങൾ അങ്ങേ ആരാധിക്കുന്നു. സ്നേഹയോഗ്യയായ ദൈവമാതാവേ, ഞങ്ങൾ അങ്ങേ സ്തുതിക്കുന്നു. നീതിസൂര്യനായ മിശിഹായുടെ ജനനത്തിനു മുമ്പ് അങ്ങ് ലോകത്തിനു പ്രത്യാശ പകർന്നു. അങ്ങേ ദിവ്യസുതനെ മറ്റുള്ളവരും അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ഞങ്ങളുടെ പരിശ്രമങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയുടെ ജനനം ഭൂലോകസ്വർഗങ്ങൾക്കു ആനന്ദനിർവൃതി നൽകി. ഞങ്ങൾ നിത്യസൗഭാഗ്യം അനുഭവിക്കാനുള്ള അനുഗ്രഹം അങ്ങേ ദിവ്യകുമാരനായ ഈശോമിശിഹായോടപേക്ഷിച്ചു നൽകേണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

### *സുകൃതജപം*

ഉദയനക്ഷത്രമായ പരി. മറിയമെ, ഞങ്ങളുടെ ജീവിതം പ്രത്യാശാപൂർണമാക്കേണമെ.

## *അഞ്ചാം തീയതി*

### *ജപം*

അമലമനോഹരിയും അമലോത്ഭവയുമായ പരി.കന്യകയെ, അങ്ങു ശൈശവദശയിൽ തന്നെ ദൈവത്തിന് പരിപൂർണ്ണമായി അർപ്പിച്ച് അവിടുത്തെ സേവനത്തിൽ വിശ്വസ്തത പ്രകടപ്പിച്ചുവല്ലോ.ദിവ്യനാഥേ, ഞങ്ങളും ദൈവസ്നേഹത്തിലും അങ്ങയോടുള്ള സ്നേഹത്തിലും വിശ്വസ്തരായിരിക്കുവാനുള്ള അനുഗ്രഹം നൽകിയരുളേണമേ. അങ്ങ് ലോകപരിത്രാതാവിനെ പ്ര

തീക്ഷിച്ചു കൊണ്ടു ദൈവത്തോടു പ്രാർത്ഥിച്ച് അങ്ങിലും ലോകത്തിലും ദൈവസുതനുവാസസ്ഥലം സജ്ജമാക്കി. ഇതുപോലെ ഞങ്ങളുടെ ഹൃദയങ്ങളിൽ ദിവ്യരക്ഷകൻ ഹൃദയനാഥനായി വസിക്കുവാനുള്ള അനുഗ്രഹം പ്രാപിച്ചുതരേണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

മറിയത്തിന്റെ വിമലഹൃദയമേ, ഇൻഡ്യയ്ക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## ***ആറാം തീയതി***

***ജപം***

ദൈവമാതാവായ പരി. കന്യകയെ, അങ്ങയുടെ വിസ്മയാവഹമായ എളിമയെപ്പറ്റി ചിന്തിക്കുമ്പോൾ ഞങ്ങൾ ലജ്ജിതരാകുന്നു. അങ്ങയുടെയും അങ്ങേ തിരുക്കുമാരന്റെയും എളിമ അനുകരിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ. എളിമ വിശുദ്ധിയുടെ അടിസ്ഥാനമാണെന്ന് ഞങ്ങൾ മനസിലാക്കുന്നു. ഞങ്ങളുടെ അഹങ്കാരത്താൽ അവിടുത്തെ ദിവ്യസുതനെ പലപ്പോഴും ദ്രോഹിച്ചിട്ടുണ്ട്. അങ്ങേ സ്നേഹിക്കുന്നതിൽ ഞങ്ങൾ വിമുഖരായിരുന്നു. അവയ്ക്കെല്ലാം പരിഹാരമർപ്പിച്ച് വിശ്വസ്തതാപൂർവം ഈശോയെയും ദൈവമാതാവായ അങ്ങയേയും സ്നേഹിച്ചു സേവിച്ചു കൊള്ളാമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. അതിനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകേണമെ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

വിശുദ്ധിയുടെ വിളനിലമായ മറിയമേ! ഞങ്ങളുടെ ഹൃദയം ഈശോയുടെ തിരുഹൃദയത്തിനനുരൂപമാക്കണമേ.

## ***ഏഴാം തീയതി***

***ജപം***

ദൈവമേ, അങ്ങ് സകല വിശുദ്ധരുടെയും വിശുദ്ധിയെ അതിലംഘിക്കുന്ന വിശുദ്ധിയുടെ പരിവേഷത്താൽ പ. കന്യകയെ അലങ്കരിച്ചുവല്ലോ. ജ്ഞാനസ്നാന സ്വീകരണത്തിൽ ലഭിച്ച പ്രസാദവരത്തെ കളങ്കപ്പെടുത്താതെ നിർമ്മലമായ ജീവിതം നയിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ. അനുദിനം ഞങ്ങളുടെ ജീവിതാന്തസിന്റെ ചുമതലകൾ യഥാവിധി നിർവഹിച്ചു കൊണ്ട് ഉത്തരോത്തരം വിശുദ്ധിയിൽ പുരോഗമിച്ചുകൊണ്ട് അങ്ങേ ദിവ്യജനനിയെ ഞങ്ങൾ അനുഗമിക്കട്ടെ. ആമ്മേൻ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

സ്വർഗരാജ്ഞിയായ മറിയമേ, ഭൂവാസികളായ ഞങ്ങൾക്കും നീ രാജ്ഞിയായിരിക്കേണമേ.

## എട്ടാം തീയതി

**ജപം**

ദൈവജനനിയായ പ.കന്യകാമറിയമേ, അവിടുന്ന് സകല ഗുണ സമ്പൂർണയായിരുന്നല്ലോ. ഞങ്ങളുടെ വിശ്വാസം ക്ഷയിക്കുകയും പ്രത്യാശ ബലഹീനമാവുകയും സ്നേഹം മന്ദീഭവിക്കുകയും ചെയ്യുമ്പോൾ അവിടുത്തെ അത്ഭുതകരമായ മാതൃക ഞങ്ങൾക്ക് ശക്തി നൽകട്ടെ. ആകെയാൽ ദിവ്യജനനീ, ഞങ്ങൾ അങ്ങയുടെ സുകൃതങ്ങൾ അനുകരിച്ചുകൊണ്ട് പരിപൂർണ്ണമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകേണമേ. സജീവമായ വിശ്വാസവും അചഞ്ചലമായ പ്രത്യാശയും തീക്ഷ്ണതയുള്ള സ്നേഹവും മറ്റ് ക്രിസ്തീയ സുകൃത്യങ്ങളും അഭ്യസിക്കുന്നതിനായി ഞങ്ങൾ പരിശ്രമിക്കുന്നതാണ്. ഞങ്ങളുടെ ബലഹീനതയെ അങ്ങ് പരിഹരിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

**സുകൃതജപം**

ദാവീദിന്റെ കോട്ടയായ മറിയമേ, നാരകീയ ശക്തിയോടുള്ള പോരാട്ടത്തിൽ ഞങ്ങൾക്കു നീ അഭയമാകേണമേ.

## ഒൻപതാം തീയതി

**ജപം**

പ.കന്യകയെ അവിടുന്ന് വി.യൗസേപ്പുമായിട്ട് വിവാഹിതയായിക്കൊണ്ട് കുടുംബ ജീവിതത്തിന്റെ മാഹാത്മ്യം അതിന്റെ പരിശുദ്ധിയും ഞങ്ങളെ മനസ്സിലാക്കി. ഞങ്ങളുടെ ക്രിസ്തീയ കുടുംബങ്ങൾ നസ്രത്തിലെ തിരുക്കുടുംബത്തിന്റെ പ്രതീകങ്ങളായിത്തീരുന്നതിനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ. വിവാഹജീവിതം വിശുദ്ധിക്കുള്ള ഒരാഹ്വാനമാണെന്നു മനസിലാക്കി ഇന്നത്തെ ദമ്പതികൾ  അവരുടെ വൈവാഹിത ജീവിതത്തെ പവിത്രമാകട്ടെ. കുടുംബങ്ങളിൽ സമാധാനവും സേവനസന്നദ്ധതയും പുലർത്തട്ടെ. ഞങ്ങളുടെ ഭൗമികമായ ജീവിതം സ്വർഗീയ ജീവിതത്തിന്റെ മുന്നാസ്വാദനമാക്കി തീർക്കുവാൻ ആവശ്യമായ അനുഗ്രങ്ങൾ ഞങ്ങൾക്കു പ്രാപിച്ചു തരണമേ. അങ്ങുതന്നെ ക്രിസ്തീയ കുടുംബങ്ങളിൽ രാജ്ഞിയായി ഭരണം നടത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

**സുകൃതജപം**

അറിവിന്റെ ദർപ്പണമായ മറിയമേ, ദൈവിക കാര്യങ്ങൾ  ഞങ്ങളെ  അറിവുള്ളവരാക്കേണമേ.

## പത്താം തീയതി

**ജപം**

ദൈവമാതാവായ പ.കന്യകയെ, അവിടുന്ന് ദൈവദൂതന്റെ സന്ദേശത്തിന് നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ. എന്ന വാക്കുകളിലൂ

ടെ മനുഷ്യാവതാര രഹസ്യത്തിന് സമ്മതം നൽകി മനുഷ്യവർഗ്ഗത്തിന്റെ പരിത്രാണകർമ്മത്തിൽ സഹകരിച്ചു. സ്വാതന്ത്ര്യ ദുർവിനിയോഗത്താൽ നാശഗർത്തത്തിൽ നിപതിച്ച മാനവരാശിയെ അവിടുന്നു സ്വാതന്ത്ര്യം ശരിയായി വിനിയോഗിച്ചു കൊണ്ടു രക്ഷിച്ചു. ഞങ്ങൾ ദൈവമക്കളുടെ യഥാർത്ഥ സ്വാതന്ത്ര്യം എന്താണെന്നു മനസ്സിലാക്കി അതനുസരിച്ച് ഞങ്ങളുടെ സ്വാതന്ത്ര്യത്തെ ശരിയായി വിനിയോഗിക്കുവാനുള്ള അനുഗ്രഹം നൽകേണമേ. ഞങ്ങളുടെ സ്വാതന്ത്ര്യം ദുരുപയോഗിച്ച് അവിടുത്തെ തിരുകുമാരനെ ദ്രോഹിക്കാതിരിക്കട്ടെ. എപ്പോഴും ദൈവമഹത്വത്തിനും ഞങ്ങളുടെ ആത്മരക്ഷയ്ക്കും ഉപയുക്തമായവിധം ഞങ്ങൾ അത് വിനിയോഗിക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്യുന്നു. നാഥേ, അങ്ങ് ഞങ്ങളുടെ മാതൃകയായിരിക്കേണമേ. ഞങ്ങളുടെ സ്വാതന്ത്ര്യത്തെ ശരിയായി വിനിയോഗിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ അനുസരണം ഏറ്റവും വലിയ സ്വാതന്ത്ര്യമാണെന്ന് ഞങ്ങൾ മനസ്സിലാക്കട്ടെ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

ദൈവപുത്രന്റെ മാതാവേ, ദൈവവചനത്തിനനുസരണമായി ജീവിക്കുവാൻ, ഞങ്ങളെ പഠിപ്പിക്കേണമേ.

## *പതിനൊന്നാം തീയതി*

***ജപം***

മരിയാംബികയേ! അങ്ങേ ദൈവവചനം ശ്രവിക്കുന്നതിലും അത് പ്രാർത്ഥികമാക്കുന്നതിലും എത്ര വിശ്വസ്തത പ്രകടിപ്പിച്ചു. "നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" എന്ന അങ്ങേ വചസ്സുകളിലൂടെ ഒരു നവ്യലോകത്തെ സൃഷ്ടിച്ചു.നാഥേ! ഞങ്ങളും ദൈവവചനം ശ്രവിക്കുന്നതിനും അതിനനുസരണമായി ജീവിതം നയിക്കുന്നതിനും വേണ്ട അനുഗ്രഹങ്ങൾ നൽകേണമേ. ഞങ്ങൾ ദൈവവചനം പലപ്പോഴും താൽപര്യമില്ലാതെ കേൾക്കുകയും പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് ഞങ്ങൾ മനഃസ്തപിക്കുന്നു. ഞങ്ങളുടെ ഭാവി ജീവിതം അങ്ങേ ദിവ്യകുമാരന്റെ രക്ഷാകരമായ വചനങ്ങൾക്കനുസൃതമായി നയിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങളുടെ ബലഹീനതയെ പരിഹരിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

ബോധജ്ഞാനത്തിന്റെ സിംഹാസനമേ, ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നൽകേണമേ.

## *പന്ത്രണ്ടാം തീയതി*

*ജപം*

ദിവ്യജനനീ, അങ്ങ് ദൈവതിരുമനസ്സിനോട് പരിപൂർണ്ണ വിധേയമായി വർത്തിച്ചു. എല്ലാ നിമിഷത്തിലും അത് മാത്രമായിരുന്നു അവിടുത്തെ ജീവിതനിയമം. മനുഷ്യാവതാരത്തിനു സമ്മതം നൽകിയപ്പോൾ മുതൽ കാൽവരിയിലെ കുരിശിനു സമീപം നിൽക്കുമ്പോഴും അതിനുശേഷവും അവിടുന്ന് സദാ ദൈവതിരുമനസ്സിന് നിദാനമെന്ന് ഞങ്ങൾ മനസിലാക്കി. ദൈവമാതാവേ അങ്ങേ വത്സലമക്കളായ ഞങ്ങളും ദൈവതിരുമനസ്സിന് പരിപൂർണ്ണമായി വിധേയരായി ജീവിക്കാനുള്ള അനുഗ്രഹം നൽകേണമേ. ജീവിത ക്ലേശങ്ങളിലും പ്രലോഭനങ്ങളുടെ തിരകൾ അലയടിച്ചുയരുമ്പോഴും രോഗങ്ങളും യാതനകളും അനുഭവപ്പെടുമ്പോഴും ദൈവതിരുമനസ്സാകുന്ന ദീപശിഖ ഞങ്ങൾക്കു മാർഗദർശനമരുളുവാൻ അങ്ങ് സഹായിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃത ജപം*

ദൈവതിരുമനസ്സിനു സ്വയം സമർപ്പിച്ച ദൈവമാതാവേ, ദൈവതിരുമനസ്സനുസരിച്ചു ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ.

## *പതിമൂന്നാം തീയതി*

*ജപം*

ദൈവമേ അങ്ങ് പ.കന്യകയെ അങ്ങേ മാതാവായി തെരഞ്ഞെടുത്ത് മഹത്വപ്പെടുത്തിയതിൽ ഞങ്ങൾ സന്തോഷിക്കുന്നു. അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത പറയുന്നു. ദൈവജനനീ അങ്ങ് സർവസൃഷ്ടികളിലും ഉന്നതയാണ്. അങ്ങ് ഞങ്ങളുടെ അഭിമാനപാത്രവുമത്രെ. ഞങ്ങൾ അവിടുത്തെ മഹത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഞങ്ങളുടെ ഹീനതയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഞങ്ങളുടെ ഹീനതയെ മനസിലാക്കുന്നു. അവിടുത്തെ അനുസ്മരിച്ച് കൂടുതൽ വിശുദ്ധി പ്രാപിച്ച് അങ്ങേ ദിവ്യസുതന്റെ യഥാർത്ഥ അനുഗാമികളായിത്തീരുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകേണമേ. സർവോപരി ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളിലും ഞങ്ങൾക്കും അങ്ങേ അനുഗ്രഹവർഷം ഉണ്ടാകട്ടെ. ലോകസമാധാനവും മാനവകുലത്തിന്റെ മാനസാന്തരവും ഐക്യവും സാധിച്ചു തിരുസ്സഭ വിജയം വരിക്കുന്നതിനുള്ള കൃപ തരേണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

ഉണ്ണീശോയെ ഉദരത്തിൽ സംവഹിച്ച മാതാവേ, അങ്ങേ തിരുക്കുമാരനെ ഹൃദയത്തിൽ സംവഹിക്കുവാൻ കൃപ ചെയ്യണമേ.

## *പതിനാലാം തീയതി*

*ജപം*

പ. കന്യകാമറിയമേ, അങ്ങ്, അവിടുത്തെ ബന്ധുവായ എലിസബത്തിനെ ശുശ്രൂഷിക്കുവാൻ ഉദരസ്ഥിതനായ മിശിഹായേയും സംവഹിച്ചുകൊണ്ടുപോയല്ലോ. ഞങ്ങൾ അങ്ങേ മാതൃക അനുകരിച്ചു മറ്റുള്ളവർക്കു സേവനം അർപ്പിക്കുന്നതിനുവേണ്ട അനുഗ്രഹം നൽകണമേ. ഞങ്ങളും ഞങ്ങളുടെ സേവനരംഗങ്ങളിൽ മിശിഹായെ സംവഹിക്കുവാനും അപ്രകാരം മിശിഹായ്ക്കുവേണ്ടി എല്ലാ സേവനവും അർപ്പിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ ജീവിതത്തിലൂടെ ഞങ്ങൾ മിശിഹായ്ക്കു സാക്ഷ്യം വഹിക്കട്ടെ, ദിവ്യജനനി അങ്ങ് മിശിഹായോടുകൂടി സേവനത്തിനു പോയപ്പോൾ അത്ഭുതകരമായ ഫലങ്ങൾ ഉളവായി. അതുപോലെ ഞങ്ങളുടെ എല്ലാ സേവനങ്ങളിലും ആദ്ധ്യാത്മികമായ ഫലങ്ങൾ ഉളവാക്കുന്നതിനുള്ള അനുഗ്രഹം അങ്ങു ഞങ്ങൾക്കു പ്രാപിച്ചു നൽകേണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

ഏലിശ്വായെ സന്ദർശിച്ച് സഹായിച്ച പരിശുദ്ധ ദൈവമാതാവേ, പരസ്നേഹം ഞങ്ങളിൽ വളർത്തണമേ.

## *പതിനഞ്ചാം തീയതി*

*ജപം*

പ. കന്യകയെ, അങ്ങേ വിരക്ത ഭർത്താവായ യൗസേപ്പിനോടുകൂടി ബത്‌ലഹത്ത് ചെന്ന് വാസസ്ഥലമന്വേഷിച്ചിട്ടു ലഭിക്കാതിരുന്നതിനാൽ വളരെയധികം ക്ലേശങ്ങൾ സഹിച്ചുവല്ലോ. എങ്കിലും അവിടുന്ന് ദൈവതിരുമനസ്സിന് വിധേയമായി അവയെല്ലാം സന്തോഷപൂർവ്വം സഹിച്ചു. ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന വിഷമതകളും അസൗകര്യങ്ങളും ക്ഷമാപൂർവ്വം സഹിക്കുന്നതിന് അങ്ങയുടെ മാതൃക ഞങ്ങൾക്കു പ്രചോദനമാരുളട്ടെ. ആധുനികലോകം അവിടുത്തെ തിരുക്കുമാരനെ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നിന്നു ബഹിഷ്ക്കരിച്ചിരിക്കുകയാണല്ലോ. പ്രസ്തുത രംഗങ്ങളിലെല്ലാം അങ്ങേ തിരുകുമാരന് പ്രവേശനം നൽകുവാൻ അങ്ങു ഞങ്ങളെ പ്രാപ്തരാക്കണമേ. പ്രത്യേകമായി ഞങ്ങളുടെ ഹൃദയത്തിൽ അവിടുത്തെ ഞങ്ങൾ രാജാവായി അഭിഷേകിക്കട്ടെ. അങ്ങും അങ്ങേ ദിവ്യസുതനും ഞങ്ങളിൽ ഭരണം നടത്തണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

സ്വർഗ്ഗരാജ്ഞി, ഞങ്ങളെ സ്വർഗ്ഗീയഭാഗ്യത്തിനർഹമാക്കേണമേ.

## *പതിനാറാം തീയതി*

### *ജപം*

പ.കന്യകയെ, അവിടുന്നു അങ്ങേ ദിവ്യസുതനെ പ്രസവിച്ച് ഒരു പുൽക്കൂട്ടിൽ കിടത്തിയല്ലോ. അങ്ങേ ദിവ്യകുമാരനു മാതൃസഹജമായ പരിലാളനകൾ അർപ്പിക്കുവാൻ പോലും സാധിക്കാതെ അവിടുന്ന് വളരെ ദുഃഖിച്ചു എങ്കിലും സ്നേഹത്താൽ ഉജ്ജ്വലിച്ച അവിടുത്തെ ഹൃദയത്തിൽ നിന്നും ആരാധനയുടെ അർച്ചനകൾ ഉയർന്നു. അവിടുത്തെ പ്രസാദിപ്പിക്കുവാനായി അങ്ങേ വിനീതവും ലളിതവുമായ പരിചരണങ്ങൾ നൽകി. അങ്ങേ കരതാരിൽ ദിവ്യശിശു പരിപൂർണ്ണമായ സംതൃപ്തി അനുഭവിച്ചു. സ്നേഹനിധിയായ മാതാവേ, ഞങ്ങളുടെ ഹൃദയങ്ങളേയും അവിടുത്തെ സ്നേഹവായ്പിനാൽ സംതൃപ്തമാക്കണമേ. ഞങ്ങളുടെ ഹൃദയത്തിൽ ഈശോമിശിഹാ ആത്മീയമായി പിറന്നു ജീവിക്കാവാനുള്ള അനുഗ്രഹം നൽകണമേ.
*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

### *സുകൃതജപം*

പിതാവായ ദൈവത്തിന്റെ പുത്രീ, പുത്രനായ ദൈവത്തിന്റെ മാതാവേ, പരിശുദ്ധാത്മാവിന്റെ മണവാട്ടി, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## *പതിനേഴാം തീയതി*

### *ജപം*

മൂശയുടെ നിയമങ്ങൾക്കു വിധേയമായി ഞങ്ങൾക്ക് നിയമാനുഷ്ഠാനത്തിന് മാതൃക നൽകിയ പ.കന്യകയെ, ദൈവിക നിയമങ്ങളും സഭയുടെ നിയമങ്ങളും അന്യൂനം പാലിക്കുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്കു നൽകേണമെ. അങ്ങേ ദിവ്യകുമാരനെ ദേവാലയത്തിൽ കാഴ്ചവച്ചുകൊണ്ട് ലോകരക്ഷയ്ക്കായി അങ്ങേ പുത്രനെ സമർപ്പിക്കുന്നതിനുള്ള സന്നദ്ധത പ്രകടമാക്കി. ദിവ്യമാതാവേ ഞങ്ങൾ അങ്ങേ ദിവ്യസുതനേയും അങ്ങയേയും സ്നേഹിച്ചുകൊണ്ട് വിശ്വസ്തതാപൂർവ്വം ജീവിക്കുവാനുള്ള അനുഗ്രഹം പ്രാപിച്ചുതരേണമേ. ഞങ്ങൾ മഹാമനസ്കതയും സ്നേഹവുമുള്ളവരായിത്തീരുന്നതിന് അങ്ങേ മാതൃക പ്രചോദനമരുളട്ടെ.
*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

### *സുകൃതജപം*

മറിയമേ സ്വസ്തി! നാഥേ സ്വസ്തി! സമുദ്രതാരമേ സ്വസ്തി!

## *പതിനെട്ടാം തീയതി*

### *ജപം*

പ. കന്യകയെ, അങ്ങു അവിടുത്തെ കന്യവ്രതത്തെ ഏറ്റവും വിലമതിച്ചിരിക്കുന്നു. ദൈവമാതൃത്വം അങ്ങേയ്ക്കു നൽകിയ അവസരത്തിൽ പോലും അവിടുന്ന് അതിനെ വളരെ സ്നേഹിച്ചിരുന്നു എന്നു വ്യക്തമാ

ക്കി. ഞങ്ങൾ ആത്മശരീര വിശുദ്ധിയോടുകൂടി ജീവിക്കുവാനുള്ള അനുഗ്രഹം നൽകേണമേ. ഇന്ന് അനേകർ തങ്ങളുടെ ആത്മനൈർമ്മല്യത്തെ കളങ്കപ്പെടുത്തി ജീവിക്കുന്നു. അവർക്കെല്ലാവർക്കും മാനസാന്തരത്തിനുള്ള പ്രചോദനം ലഭിക്കട്ടെ. കന്യാംബികയേ, അങ്ങാണല്ലോ എല്ലാവർക്കും ഹൃദയ ശുദ്ധതയോടുള്ള സ്നേഹം നൽകുന്നത്. ഞങ്ങളും അതിനെ വിലമതിക്കുവാനുള്ള ജ്ഞാനം പ്രദേനം ചെയ്യണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

കളങ്കരഹിതയായ കന്യകയെ, നിഷ്കളങ്കരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

## ***പത്തൊമ്പതാം തീയതി***

***ജപം***

ദൈവമാതാവായ പ.കന്യാമറിയമേ, ഈജിപ്തിലേയ്ക്കുള്ള പ്രയാണത്തിൽ അവിടുന്നും അങ്ങേ വിരക്തഭർത്താവായ മാർ യൗസേപ്പും ഉണ്ണി മിശിഹായും അനേകം യാതനകൾ അനുഭവിക്കേണ്ടിവന്നല്ലോ. എങ്കിലും അതെല്ലാം ദൈവതിരുമനസ്സിനു വിധേയമായി സന്തോഷപൂർവ്വം സഹിച്ചു. ഞങ്ങളുടെ ജീവിതത്തിൽ ഞങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ക്ലേശങ്ങളും ക്ഷമാപൂർവ്വം അഭിമുഖീകരിച്ച് സ്വർഗരാജ്യത്തിൽ എത്തിച്ചേരുവാനുള്ള അനുഗ്രഹം പ്രാപിച്ചുതരേണമേ. അങ്ങു ജീവിച്ചതും പ്രവർത്തിച്ചതും ഈശോയ്ക്കു വേണ്ടിയായിരുന്നു. അതുപോലെ ഞങ്ങളും എല്ലാ കാര്യങ്ങളും ഈശോയ്ക്കുവേണ്ടി ചെയ്യുവാനും സഹിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

വിനയത്തിന്റെ മാതൃകയായ കന്യകാമാതാവേ, ഞങ്ങളെ വിനയം പഠിപ്പിക്കണമേ.

## ***ഇരുപതാം തീയതി***

***ജപം***

ദൈവമാതാവേ, അങ്ങേ ദിവ്യകുമാരൻ പന്ത്രണ്ടാമത്തെ വയസ്സിൽ ദേവാലയത്തിൽ വച്ചു കാണാതെ പോയപ്പോൾ അവിടുന്ന് അപാരമായ ദുഃഖം അനുഭവിച്ചുവല്ലോ. പ്രിയ മാതാവേ, അങ്ങേ മക്കളായ ഞങ്ങൾ പലപ്പോഴും പാപത്തിലുൾപ്പെട്ട് ഈശോയെ ഉപേക്ഷിക്കുന്നതിന് അവിടുന്ന് പരിഹാരമനുഷ്ഠിക്കുകയാണല്ലോ ചെയ്തത്. ഞങ്ങളുടെ ഭൂതകാല പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നു. മേലിൽ പാപം ചെയ്തു ഈശോയെ ഉപേക്ഷിക്കാതിരിക്കാവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകേണമേ. മാതാവേ, അങ്ങേയ്ക്കും ദിവ്യസുതനും പ്രീതിജനകമായ ജീവിതം ഭാവിയിൽ ഞങ്ങൾ നയിക്കുന്നതാണ്.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

എന്റെ അമ്മേ, എന്റെ ആശ്രയമേ.

## ***ഇരുപത്തൊന്നാം തീയതി***

***ജപം***

ദൈവമാതാവേ, അവിടുന്ന് ഈശോയുടെ പരസ്യജീവിതകാലത്ത് ഈശോയോടുകൂടി സഞ്ചരിച്ചുകൊണ്ട് രക്ഷാകരകർമ്മത്തിൽ സഹകരിച്ചല്ലോ. ദിവ്യമാതാവേ, ഞങ്ങളും ആത്മാക്കളുടെ രക്ഷയിൽ തീക്ഷ്ണതയുള്ളവരായി ജീവിക്കുവാൻ സഹായിക്കണമേ. അവിടുത്തെ ദിവ്യസുതന്റെ സുവിശേഷ പ്രബോധനങ്ങൾ അറിയാത്തവരെയും, അതിനെ അവഗണിച്ചുകൊണ്ട് ജീവിക്കുന്നവരെയും, പാപികളെയും അങ്ങേ ദിവ്യകുമാരന്റെ സവിധത്തിലേയ്ക്കാനയിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. കാനായിലെ കല്യാണവിരുന്നിൽ അവിടുത്തെ പരസ്നേഹവും സേവനചൈതന്യവും പ്രകാശിതമാകുന്നു. ഞങ്ങളും അങ്ങേ അനുകരിച്ച് പ്രവർത്തിക്കുവാൻ പ്രാപ്തരാക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

മറിയത്തിന്റെ വിമലഹൃദയമേ, ഇന്ത്യയ്ക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## ***ഇരുപത്തിരണ്ടാം തീയതി***

***ജപം***

ദൈവമാതാവേ! അവിടുത്തെ ദിവ്യസുതനോടുകൂടി ഞങ്ങളുടെ രക്ഷാകർമ്മത്തിൽ അവിടുന്നു നിസ്തുലമായ പങ്കുവഹിച്ചുവല്ലോ. ഇനിയും ഞങ്ങളുടെ ഓരോരുത്തരുടെയും രക്ഷണീയ കർമ്മത്തിൽ അവിടുന്നു സഹകരിക്കുന്നുണ്ട്. ദിവ്യനാഥേ, ഞങ്ങൾ എല്ലാവരും സ്വർഗ്ഗീയ സൗഭാഗ്യത്തിൽ വന്നുചേരുന്നതുവരെ ഞങ്ങളുടെ നിത്യരക്ഷക്കാവശ്യമായ എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്കു നൽകേണമേ. അങ്ങേ ദിവ്യസുതന്റെ രക്ഷാകർമ്മത്തിൽ സഹകരിച്ച് അജ്ഞാനികളെ മാനസാന്തരപ്പെടുത്തുവാനും അകത്തോലിക്കരുടെ പുനരൈക്യത്തിനും ഇടയാകട്ടെ. നാഥേ അങ്ങാണ് ഞങ്ങളുടെ പ്രത്യാശ. ഞങ്ങളുടെ അഭയവും ശക്തിയും നീ തന്നെ, ഞങ്ങളെ സഹായിക്കണമെ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

കുരിശിലെ യാഗവേദിയിൽ സന്നിഹിതയായ ദൈവമാതാവേ, ഞങ്ങളുടെ ജീവതബലി പൂർത്തിയാക്കുവാൻ സഹായിക്കണമേ.

## *ഇരുപത്തി മൂന്നാം തീയതി*

*ജപം*

ദൈവജനനീ, അങ്ങ് ഞങ്ങളുടെ ആദ്ധ്യാത്മിക മാതാവാണെന്ന് ഞങ്ങൾക്കറിയാം. അവിടുന്നു ദൈവമാതാവ് എന്നുള്ള നിലയിൽ സർവ സൃഷ്ടികളുടെയും നാഥയും മാതാവുമാണ്. എന്നാൽ അതിലുപരി നാഥയും മാതാവുമാണ്. എന്നാൽ അതിലുപരി അങ്ങ് ഞങ്ങളുടെ അമ്മയാണ്. അങ്ങ് വഴിയാണ് ഞങ്ങൾ ആദ്ധ്യാത്മികജീവൻ പ്രാപിക്കുന്നത്. കാൽവരിഗിരിയിൽ അങ്ങേ ദിവ്യകുമാരന്റെ മരണശയ്യയായ കുരിശിനു സമീപം അങ്ങ് കദനക്കടലിൽ നിമഗ്നയായിക്കൊണ്ട് ഞങ്ങൾക്ക് ആദ്ധ്യാത്മികജീവൻ പ്രാപിച്ചു തന്നു. കൂടാതെ അനുദിനം ഞങ്ങൾ ദൈവികജീവൻ പ്രാപിക്കുവാനും അങ്ങേ ദിവ്യകുമാരനോട് സാരൂപ്യം പ്രാപിക്കുവാനും അങ്ങ് ഞങ്ങളെ സഹായിക്കുന്നു. ദിവ്യാംബികേ ഞങ്ങൾ അങ്ങേ മക്കൾ എന്നുള്ള അഭിമാനത്തോടുകൂടി അനുദിനജീവിതം നയിച്ച് അങ്ങേ ദിവ്യകുമാരനെ അനുകരിക്കുവാൻ വേണ്ട അനുഗ്രഹം നൽകേണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

കൃപയുടെ നിറകുടമായ മറിയമേ! ഞങ്ങളിൽ കാരുണ്യം നിറയ്ക്കണമേ.

## *ഇരുപത്തി നാലാം തീയതി*

*ജപം*

മരിയാംബികേ, അവിടുന്നു പ്രാരംഭ സഭയിൽ ജീവിച്ചുകൊണ്ട് സഭാംഗങ്ങൾക്ക് ധൈര്യവും ശക്തിയും പകർന്നു. ഇന്നും സഭയുടെ ഉൽകർഷത്തിലും വിജയത്തിലും അങ്ങ് തൽപരയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഞങ്ങളും സഭാമാതാവിനെ സ്നേഹിക്കുവാനും അവളോടൊത്തു ചിന്തിക്കുവാനും സഭയുടെ ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുവാനുമുള്ള അനുഗ്രങ്ങൾ നൽകേണമേ. പ്രത്യേകിച്ച് ഇന്ന് വിവിധ രാജ്യങ്ങളിൽ സഭ മർദ്ദനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. നാഥേ, പ്രസ്തുത രാജ്യങ്ങളിൽ തിരുസ്സഭ വിജയം വരിച്ച് സഭാസന്താനങ്ങൾ അങ്ങേയ്ക്കും അങ്ങേ തിരുക്കുമാരനും സംപ്രീതിജനകമായ ജീവിതം നയിക്കുന്നതിന് ആവശ്യമായ അനുഗ്രങ്ങൾ വർഷിക്കണമെന്നു അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

ക്ഷമയുടെ ദർപ്പണമായ ദൈവമാതാവേ! ജീവിതക്ലേശങ്ങൾ ക്ഷമാപൂർവ്വം സഹിക്കുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## *ഇരുപത്തഞ്ചാം തീയതി*

പ.കന്യകയെ, അങ്ങയുടെ മരണം ഒരു സ്നേഹനിദ്രയായിരുന്നുവല്ലോ. അങ്ങയുടെ ദിവ്യകുമാരനോട് ഐക്യപ്പെടുവാനുള്ള ഉൽക്കടമായ അഭിവാഞ്ഛയുടെ പൂർത്തീകരണമായിരുന്നു. നാഥേ, ഞങ്ങൾ നല്ല മരണം ല

ഭിച്ച് അങ്ങയോടും അങ്ങേ ദിവ്യകാമാരനോടും കൂടി സ്വർഗീയ സൗഭാഗ്യം അനുഭവിക്കുവാൻ ഇടയാക്കേണമേ. ഞങ്ങളുടെ നിത്യരക്ഷയുടെ പ്രതിബന്ധങ്ങൾ നിരവധിയാണ്. അവയെ വിജയപൂർവ്വം തരണം ചെയ്തു നിത്യാനന്ദത്തിൽ എത്തിച്ചേരുവാൻ അങ്ങ് ഞങ്ങളെ അനുഗ്രഹിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

ദൈവമാതാവേ, ഞങ്ങൾക്കുവേണ്ടി എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവത്തോടപേക്ഷിക്കണമേ.

## ***ഇരുപത്തിയാറാം തീയതി***

***ജപം***

സ്വർഗ്ഗാരോപിതയായ ദിവ്യകന്യകയെ, അങ്ങ് ആത്മശരീരസമന്വിതയായി സ്വർഗ്ഗത്തിലേക്ക് ആരോപിതയായപ്പോൾ അനുഭവിച്ച മഹത്വവും നിസ്സീമമായ ആനന്ദവും അഗ്രാഹ്യമാണ്. നാഥേ അങ്ങേ സ്വർഗ്ഗാരോപണം ഞങ്ങൾക്ക് ഏറ്റവും വലിയ ധൈര്യവും പ്രത്യാശയും നൽകുന്നു. അങ്ങേ അമലോത്ഭവവും പാപരഹിതമായ ജീവിതവും ദൈവമാതൃത്വവുമാണ് അതിന് അങ്ങേ അർഹയാക്കിത്തീർത്തത്. ഞങ്ങൾ അങ്ങേ മാതൃക അനുസരിച്ച് പാപരഹിതമായി ജീവിച്ച് സ്വർഗ്ഗത്തിൽ എത്തിച്ചേരുവാനുള്ള അനുഗ്രഹം ലഭിച്ചുതരേണമേ. സ്വർഗ്ഗമാണ് ഞങ്ങളുടെ യഥാർത്ഥ ഭവനമെന്നുള്ള വസ്തുത ഞങ്ങൾ ഗ്രഹിക്കട്ടെ. അതിനനുസരണമായി ജീവിക്കുവാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്. ഞങ്ങളുടെ ബലഹീനത പരിഹരിക്കുവാനായി അനുഗ്രഹിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

***സുകൃതജപം***

പാപികളുടെ സങ്കേതമായ മറിയമേ! പാപികളായ ഞങ്ങൾക്കു നീ മദ്ധ്യസ്ഥയാകേണമേ.

## ***ഇരുപത്തേഴാം തീയതി***

***ജപം***

ദൈവമാതാവേ! അങ്ങ് സർവവരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയാണെന്ന് ഞങ്ങൾക്കറിയാം. ഏക മദ്ധ്യസ്ഥനായ മിശിഹാ കഴിഞ്ഞാൽ എല്ലാ അനുഗ്രഹങ്ങൾക്കും അങ്ങു വഴിയാണ് ഞങ്ങൾ പ്രാപിക്കുന്നത്. ദൈവം അവിടുത്തെ അനുഗ്രഹങ്ങളുടെ നിക്ഷേപം അങ്ങേ ഭരമേൽപിച്ചിരിക്കുന്നു. അങ്ങ് ആഗ്രഹിക്കുമ്പോഴും ആഗ്രഹിക്കുന്നവിധത്തിലും ആഗ്രഹിക്കുന്നവർക്കും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നൽകുന്നു. ഞങ്ങളുടെ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമേ. ലോക സമാധാനം, പാപികളുടെ മാനസാന്തരം, ക്രൈസ്തവ ഐക്യം എന്നിവയ്ക്കാവശ്യമായ അനുഗ്രഹങ്ങൾ ഞങ്ങളിൽ വർഷിക്കണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

നിത്യസഹായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## *ഇരുപത്തിയെട്ടാം തീയതി*

*ജപം*

അമലമനോഹരിയായ മരിയാംബികയെ അങ്ങ് വിശുദ്ധിയുടെ നികേതനമാണ് എങ്കിലും നീ പാപികളോട് വളരെ കാരുണ്യപൂർവ്വമാണ് വർത്തിക്കുന്നത്. പാപികളിൽ അങ്ങേ ദിവ്യകുമാരന്റെ പ്രതിഛായ കാണുവാൻ അങ്ങ് ആഗ്രഹിക്കുന്നു.നാഥേ, ഇന്നു ലോകത്തിൽ പാപം വളരെ വർദ്ധിച്ചിരിക്കുന്നു. പാപബോധവും സത്യത്തേക്കുറിച്ചുള്ള അറിവും മനുഷ്യരിൽ കുറഞ്ഞുവരുന്നു. അങ്ങ് പാപികളെ നിരന്തരം മാനസാന്തരപരത്തിനായി ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്. പാപികളായ ഞങ്ങൾ പാപത്തെ പരിത്യജിച്ചു നിർമ്മല ജീവിതം നയിക്കുവാനുള്ള അനുഗ്രഹം നൽകേണമേ. അപ്രകാരം ഞങ്ങൾ ഈശോയ്ക്കും പ്രിയങ്കരരായിത്തീരുവാനുള്ള അനുഗ്രഹം നൽകേണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

വരപ്രസാദപൂർണ്ണയായ മാതാവേ, ദൈവവരപ്രസാദത്തിന്റെ ചാലുകൾ ഞങ്ങളിലേക്ക് നീയൊഴുക്കേണമേ.

## *ഇരുപത്തൊമ്പതാം തീയതി*

*ജപം*

പ. കന്യകയേ, അങ്ങ് ഞങ്ങളുടെ സർവ്വ വല്ലഭയായ മദ്ധ്യസ്ഥയാണെന്ന് ഞങ്ങൾക്കറിയാം. അങ്ങേ സ്നേഹിക്കുവാനും അനുകരിക്കുവാനും ഞങ്ങൾക്കു കടമയുണ്ട്. അങ്ങ് ഞങ്ങൾക്കു നൽകിയിരിക്കുന്ന അനുഗ്രങ്ങൾക്ക് ആത്മാർത്ഥമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. ബാവിയിലും ഞങ്ങൾക്കാവശ്യമായ എല്ലാ അനുഗ്രഹങ്ങളും അങ്ങു നൽകേണമേ. ഞങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങളിലും അങ്ങേ സഹായം അനുപേക്ഷിണീയമാണ്. പ്രലോഭനങ്ങളിലും വിഷമതകളിലും അങ്ങാണ് ഞങ്ങൾക്കു പ്രത്യാശ. ദുഃഖങ്ങളിൽ അവിടുന്നാണാശ്വാസം. നാഥേ, അങ്ങേ കരുണാകടാക്ഷം ഞങ്ങളുടെമേൽ തിരിക്കേണമേ. ഞങ്ങളുടെ ഈ പ്രവാസജീവിതത്തിനുശേഷം അങ്ങയുടെ ഉദരഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചു തരണമേ. കരുണയും മാധുര്യവും വാത്സല്യവും നിറഞ്ഞ കന്യകാമറിയമേ, ഞങ്ങളെ പരിപാലിക്കേണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

*സുകൃതജപം*

ശാന്തഗുണത്തിനു മാതൃകയായ മറിയമേ ഞങ്ങളുടെ കുടുംബങ്ങളിൽ ശാ

ന്തി വിതയ്ക്കണമേ.

## *മുപ്പതാം തീയതി*

### *ജപം*

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായ അമലോത്ഭവ കന്യകയെ, സകല സ്വർഗ്ഗവാസികളുടെയും സാന്നിധ്യത്തിൽ നിന്നെ എന്റെ രാജ്ഞിയും മാതാവുമായി ഞാൻ അംഗീകരിക്കുന്നു. ഞാൻ പിശാചിനെയും അവന്റെ എല്ലാ പ്രവൃത്തികളെയും ആഘോഷങ്ങളെയും പരത്യജിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തുകൊണ്ട് എന്റെ ജ്ഞാനസ്നാന വ്രതങ്ങളെ നവീകരിക്കുന്നു. നിന്റെ അവകാശങ്ങൾ എന്റെമേൽ പ്രയോഗിച്ചുകൊള്ളുക. ഞാൻ എന്നെത്തന്നെ നിന്റെ സ്നേഹദൗത്യത്തിന് സമർപ്പിക്കുന്നു. എന്റെ ആത്മാവിനെയും ശരീരത്തെയും അതിന്റെ എല്ലാ കഴിവുകളെയും എന്റെ ആധ്യാത്മികവും ഭൗതികവുമായ എല്ലാ നന്മകളെയും സകല സൽകൃത്യങ്ങളേയും അവയുടെ യോഗ്യതകളെയും നിനക്ക് ഞാൻ കാഴ്ചവയ്ക്കുന്നു. കാലത്തിലും നിത്യത്വത്തിലും ദൈവത്തിന്റെ ഉപരിമഹത്വത്തിനായി അങ്ങ് അവയെ വിനിയോഗിച്ചുകൊള്ളണമേ.

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

### *സുകൃതജപം*

സ്വർഗ്ഗരാജ്ഞിയായ മറിയമേ, ഞങ്ങളെ സ്വർഗ്ഗഭാഗ്യത്തിനർഹരാക്കേണമേ.

## *മുപ്പത്തിയൊന്നാം തീയതി*

പ. കന്യകാമറിയമേ, അങ്ങ് ഞങ്ങളുടെ സങ്കേതമാണ്. ഞങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമേ. അമലോത്ഭവകന്യകയെ, ഞങ്ങൾ ഈശോമിശിഹായ്ക്കും നിനക്കും ഉള്ളവരാകുവാൻ മനസ്സായിരിക്കുന്നു. എനിക്കു നിന്റെ നേരെയുള്ള സ്നേഹത്തിന്റെ ലക്ഷ്യമായി എന്റെ ആത്മാവിനെയും ശരീരത്തെയും ഓർമ്മ, ബുദ്ധി, മനസ്സ്, ശരീരം എന്നിവയേയും അങ്ങേയ്ക്കു കാഴ്ച വയ്ക്കുന്നു. നീ എന്നെ അനുഗ്രഹിച്ച് എന്റെ രക്ഷയായിരിക്കേണമേ. എന്നെ എല്ലാ പാപങ്ങളിൽ നിന്നും സംരക്ഷിച്ച് ആത്മശരീര വിശുദ്ധിയോടുകൂടി ജീവിക്കുവാൻ സഹായിക്കേണമേ. പിതാവായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവിന്റെ പ്രിയമുള്ള മണവാട്ടിയുമായ പ.കന്യകയെ, ഞങ്ങളെ അനുഗ്രഹിക്ക

*എത്രയും ദയയുള്ള മാതാവേ!* .. ശേഷവും 238 ാം പേജു മുതൽ കാണുക

### *സുകൃതജപം*

ദൈവജനത്തിനു മാതാവായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.